REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 17-03-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ ഊർജ്ജിതമായി . പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ പാലക്കാട്ട് റോഡ് ഷോയിൽ പങ്കെടുക്കും.
- ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ വരവു ചെലവ് നിരീക്ഷിക്കുന്നതിന് സംവിധാനം ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചു.
- കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ ഭാരത് ജോഡോ ന്യായ് യാത്രയുടെ ഭാഗമായ മഹാറാലി ഇന്ന് മുംബൈയിലെ ശിവാജി പാർക്കിൽ.
- കണ്ണൂർ കേളകം പഞ്ചായത്തിൽ കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ചു. പ്രദേശത്ത് വൈകീട്ട് വരെ നിരോധനാജ്ഞ.
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ ഊർജ്ജിതമായി . പാർട്ടികളുടെയും സഖ്യങ്ങളുടെയും ദേശീയ- സംസ്ഥാന നേതാക്കൾ പ്രചാരണ പരിപാടികൾക്ക് ചൂടുപകരാൻ മണ്ഡലങ്ങളിലെത്തും.

തെരഞ്ഞെടുപ്പു പ്രചാരണത്തിനായി മറ്റന്നാൾ കേരളത്തിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി പാലക്കാട്ട് റോഡ് ഷോയിൽ പങ്കെടുക്കും.

തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുൻപു തന്നെ LDF ഉം UDF ഉം NDA യും മണ്ഡലങ്ങളിലെ പ്രചാരണത്തിന് തുടക്കമിട്ടിരുന്നു. മിക്കയിടങ്ങളിലും സ്ഥാനാർത്ഥികൾ പങ്കെടുക്കുന്ന പൊതുയോഗങ്ങളും സ്ഥാപന സന്ദർശനങ്ങളും പുരോഗമിക്കുകയാണ്.

ഏപ്രിൽ 26 വെള്ളിയാഴ്ചയിലെ വോട്ടെടുപ്പ് മാറ്റണമെന്നാവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കുമെന്ന് മുസ്ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം അറിയിച്ചു. സ്ഥാനാർത്ഥികളും, ഉദ്യോഗസ്ഥരും പോളിംഗ് ഏജന്റുമാരുമുൾപ്പെടെ വിശ്വാസികൾക്ക് വെള്ളിയാഴ്ചത്തെ വോട്ടെടുപ്പ് അസൗകര്യമുണ്ടാക്കുമെന്ന് സലാം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആന്ധ്രാപ്രദേശിലെ NDA തെരഞ്ഞെടുപ്പു യോഗത്തിൽ ഇന്ന് പങ്കെടുക്കും. ആന്ധ്രാപ്രദേശിലെ TDP-ജനസേന- BJP നേതാക്കളും പ്രമുഖരും യോഗത്തിൽ സംബന്ധിയ്ക്കും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ വരവ് ചെലവ് നിരീക്ഷിക്കുന്നതിനും, സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുന്നതിനും തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സംവിധാനം ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചു. തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകരും, ഫ്ലയിങ് സ്ക്വാഡ്, സ്റ്റാറ്റിക് സർവൈലൻസ് ടീം, വീഡിയോ സർവൈലൻസ് ടീം എന്നിവയും പ്രവർത്തനം തുടങ്ങി.

ഒരു ലക്ഷം രൂപയിൽ കൂടുതൽ പണം കൈവശം കൊണ്ടുപോകുന്നവർ മതിയായ രേഖകൾ കരുതേണ്ടതാണ്. സ്ഥാനാർത്ഥികളാകുന്നവർ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കേണ്ടതിനാൽ, പുതിയ അക്കൗണ്ട് തുറക്കാനെത്തുന്ന സ്ഥാനാർത്ഥികൾക്ക് ബാങ്കുകൾ പ്രത്യേക സൗകര്യം ഏർപ്പെടുത്തണം.

രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും മുദ്രണം ചെയ്യുന്ന തിരഞ്ഞെടുപ്പ് പ്രചാരണ സാമഗ്രികളിൽ പ്രിന്റർ, പബ്ലിഷർ, കോപ്പികളുടെ എണ്ണം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനു പിന്നാലെ തെരഞ്ഞെടുപ്പു കമ്മീഷൻ മാതൃകാപെരുമാറ്റച്ചട്ടം ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകി. കേന്ദ്രകാബിനറ്റ് സെക്രട്ടറിയ്ക്കും, സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും, മുഖ്യ ഇലക്ടറൽ ഓഫീസർമാർക്കും എഴുതിയ കത്തിൽ, ഗവൺമെന്റ് വസ്തു-വകകളിലെ ചുമരെഴുത്തുകളും, പോസ്റ്ററുകളും, മറ്റു പ്രചാരണ സാമഗ്രികളും ഇന്ന് വൈകുന്നേരത്തിനു മുൻപ് മാറ്റണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. റെയിൽവെ സ്റ്റേഷനുകൾ, ബസ്

സ്റ്റാന്റുകൾ എന്നിവയടക്കം പൊതു ഇടങ്ങളിലെ അനധികൃത- രാഷ്ട്രീയ പരസ്യങ്ങളും, ബോർഡുകളും, ബാനറുകളും, പതാകകളും 48 മണിക്കൂറിനകം മാറ്റണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്).......

രാഷ്ട്രീയ പാർട്ടികളും, സ്ഥാനാർത്ഥികളും, പ്രചാരണത്തിലേർപ്പെട്ടിരിക്കുന്നവരും ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കാൻ പാടില്ല. പത്രങ്ങളിലോ, ഇലക്ട്രോണിക് മാധ്യമങ്ങളിലോ ഗവൺമെന്റിന്റെ നേട്ടങ്ങൾ എടുത്തുകാണിക്കുന്ന പരസ്യങ്ങൾ ഖജനാവിലെ പണം ഉപയോഗിച്ച് നൽകരുതെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഗവൺമെന്റിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുന്ന പരസ്യങ്ങൾ മാറ്റാൻ മുഖ്യ ഇലക്ടറൽ ഓഫീസർമാരും, ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരും അടിയന്തര നടപടിയെടുക്കണം. ഔദ്യോഗിക വെബ്സൈറ്റുകളിൽ നിന്ന് രാഷ്ട്രീയ നേതൃത്വത്തിൽ ഇരിക്കുന്നവരുടെ ചിത്രങ്ങൾ മാറ്റണം. എല്ലാ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ കോൾസെന്ററും, വെബ്സൈറ്റും സജ്ജീകരിക്കണം. 1950 എന്ന കോൾസെന്റർ നമ്പറിൽ സംശയ നിവാരണവും, പരാതി പരിഹാരവും ലഭ്യമാക്കണമെന്നും നിർദ്ദേശമുണ്ട്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ റേഡിയോ, ടെലിവിഷൻ, സിനിമ, ഗവൺമെന്റ് ചാനലുകൾ എന്നിവ വഴി വോട്ടർമാരിലെത്തിച്ച് ബോധവത്ക്കരണം നടത്തണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

ചൈനയ്ക്കെതിരെ രാജ്യം നിർമാണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തദ്ദേശീയമായി തയ്യാറെടുപ്പ് നടത്തേണ്ടത് ആവശ്യമാണെന്ന് വിദേശകാര്യമന്ത്രി ഡോ. എസ് ജയ്ശങ്കർ പറഞ്ഞു. അതിർത്തി പ്രശ്നം മാത്രമല്ല, പ്രധാന സാമ്പത്തിക പ്രശ്നങ്ങളും ചൈനയുമായുണ്ടെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ സ്വകാര്യ ചാനലിന്റെ കോൺക്ലേവിൽ പങ്കെടുക്കവേ വ്യക്തമാക്കി. കഴിഞ്ഞ ദശകത്തിൽ മാത്രമാണ് ഇന്ത്യ ചൈനയെ നേരിടാൻ നിർമാണമേഖലയിൽ ശ്രദ്ധകേന്ദ്രീകരിച്ചു തുടങ്ങിയതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ ഭാരത് ജോഡോ ന്യായ് യാത്രയുടെ ഭാഗമായ മഹാറാലി ഇന്ന് മുംബൈയിലെ ശിവാജി പാർക്കിൽ നടക്കും. രാവിലെ മണിഭവനിൽ നിന്ന് ഓഗസ്റ്റ് ക്രാന്തി മൈതാനത്തേയ്ക്ക് രാഹുൽഗാന്ധി ന്യായ് സങ്കല്പ് പദയാത്ര നടത്തി. ഉച്ചകഴിഞ്ഞ് ശിവാജി

പാർക്കിൽ നടക്കുന്ന സമ്മേളനത്തിൽ കോൺഗ്രസ് നേതാക്കളും, ഇന്ത്യ സഖ്യത്തിലെ പ്രമുഖരും പങ്കെടുക്കും. 63 ദിവസം കൊണ്ട് വാഹനത്തിലും കാൽനടയായും 6,713 കിലോമീറ്റർ പിന്നിട്ട് യാത്ര ഇന്നലെ സമാപിച്ചിരുന്നു.

✪✪✪

കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖറിനെ ഞാൻ ഇതുവരെ അടുത്ത് കണ്ടിട്ടില്ലെന്നും ഫോണിൽ സംസാരിച്ച ബന്ധം പോലുമില്ലെന്നും എൽ.ഡി.എഫ്. കൺവീനർ ഇ.പി.ജയാരജൻ വ്യക്തമാക്കി. രാജീവ് ചന്ദ്രശേഖറുമായി ഇ.പി.ജയരാജന് ബിസിനസ് ബന്ധമുണ്ടെന്ന പ്രതിപക്ഷ നേതാവ് വി.ഡി.സതീശന്റെ പ്രസ്താവനയോട് കണ്ണൂരിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

പത്രത്തിൽ ഫോട്ടോ കണ്ടതല്ലാതെ രാജീവ് ചന്ദ്രേശേഖറുമായി മറ്റൊരു പരിചയവുമില്ല. ഏറെ രാഷ്ട്രീയ പ്രാധാന്യം ഈ തെരഞ്ഞെടുപ്പിനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

നവഭാരത് സാക്ഷരതാ കാര്യക്രമത്തിന്റെ ഭാഗമായി ഫൗണ്ടേഷനൽ ലിറ്ററസി ആൻഡ് ന്യൂമറസി അസസ്മെന്റ് ടെസ്റ്റ് -FLNAT- 23 സംസ്ഥാനങ്ങളിൽ ഇന്ന് നടക്കുന്നു . രാജ്യവ്യാപകമായി 37 ലക്ഷം പഠിതാക്കൾ ഈ സുപ്രധാന മൂല്യനിർണയത്തിന് ഹാജരാകുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഡൽഹിയിൽ അറിയിച്ചു. മൂല്യനിർണ്ണയത്തിൽ വായന, എഴുത്ത്, സംഖ്യാശാസ്ത്രം എന്നീ വിഷയങ്ങൾ ആണ് ഉൾപ്പെടുന്നത്.

✪✪✪

കണ്ണൂർ കേളകം പഞ്ചായത്തിൽ കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ചതിനെ തുടർന്ന് വനം വകുപ്പ് അധികൃതർ കൂട് സ്ഥാപിച്ചു. വൈകീട്ട് വരെ പ്രദേശത്ത് നിരോധനാജ്ഞ നിലവിലുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.....(വോയ്സ്).........

✪✪✪

ഇടുക്കി മൂന്നാറിൽ വിനോദ സഞ്ചാരികൾ ഏറെയെത്തുന്ന മാട്ടുപ്പെട്ടി ബോട്ടിംങ്ങ് സെന്ററിന് സമീപത്ത് പടയപ്പയെന്ന കാട്ടാന ഇറങ്ങിയത് പരിഭ്രാന്തി പരത്തി. കഴിഞ്ഞ ദിവസങ്ങളിൽ കന്നിമല ഭാഗങ്ങളിൽ

നിലയുറപ്പിച്ചിരുന്ന കാട്ടുകൊമ്പൻ രാവിലെ 6.30 ഓടെയാണ് മാട്ടുപ്പെട്ടി ബോട്ടിംങ് സെന്ററിന് സമീപത്ത് എത്തിയത്.

✪✪✪

മൂന്നാറിൽ കാട്ടാനകളുടെ മുന്നിൽ നിന്ന് ചിത്രമെടുത്ത രണ്ടു പേർക്കെതിരെ വന്യജീവി സംരക്ഷണ നിയമപ്രകാരം വനംവകുപ്പ് ജാമ്യമില്ലാ കേസെടുത്തു. പഴയ മൂന്നാർ സ്വദേശികളായ M സെന്തിൽ, M മണി എന്നിവർക്കെതിരെയാണ് കേസ്. ഇന്നലെ രാവിലെ സെവൻമല എസ്റ്റേറ്റിൽ പഴയ മൂന്നാർ ഡിവിഷനിലിറങ്ങിയ കബാലി എന്ന കാട്ടാനയുടെ 20 മീറ്റർ വരെ അടുത്തെത്തിയാണ് സെന്തിൽ ചിത്രങ്ങളും വീഡിയോകളും പകർത്തിയതെന്ന് വനംവകുപ്പ് അറിയിച്ചു.

✪✪✪

കോഴിക്കോട് പേരാമ്പ്ര വാളൂരിൽ യുവതിയെ തോട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയ കേസിൽ ഒരാളെ പേരാമ്പ്ര പൊലീസ് കസ്റ്റഡിയിലെടുത്തു. കേസിൽ തെളിവെടുപ്പ് തുടരുകയാനെന്ന് പൊലീസ് പറഞ്ഞു. പേരാമ്പ്ര സ്വദേശി അനുവിനെ കഴിഞ്ഞ ദിവസമാണ് തോട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. വൈകീട്ട് 7.30ന് ഡൽഹിയിലാണ് മത്സരം.

മലയാളികളായ മിന്നുമണി ഡൽഹി ക്യാപ്പിറ്റൽസിലും, ആശ ശോഭന റോയൽ ചലഞ്ചേഴ്സിലും കളിക്കുന്നതിനാൽ മത്സരം കേരളത്തിനും ആവേശകരമാകും.

✪✪✪

ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് ഇന്തോനേഷ്യൻ താരങ്ങളായ ജൊനാഥൻ ക്രിസ്റ്റിയും ആന്റണി ജിങ്ങും മത്സരിക്കും.

സെമിഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യ സെനിനെ ഒന്നിനെതിരെ രണ്ട് സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് ജൊനാഥൻ ക്രിസ്റ്റി ഫൈനലിൽ എത്തിയത് . ഫ്രാൻസിന്റെ ക്രിസ്റ്റോ പോപ്പോവിനെ തോൽപ്പിച്ചാണ് ആന്റണി ജിങിന്റെ ഫൈനൽ പ്രവേശം.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഇന്ന് ഗോകുലം കേരള എഫ്സി, ശ്രീനിധി ഡെക്കാനെ നേരിടും. വൈകിട്ട് ഏഴിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കൊച്ചി വാട്ടർ മെട്രോ പുതിയ റൂട്ടുകളിൽ സർവീസ് ആരംഭിച്ചു. ഹൈക്കോടതി ടെർമിനലിൽ നിന്ന് ബോൾഗാട്ടി വഴി സൗത്ത് ചിറ്റൂർ ടെർമിനലിലേക്ക് രാവിലെ 7 45 നും 9 നും , വൈകിട്ട് 5 20 നും 6. 45 നും സർവീസ് ഉണ്ടാകും. സൗത്ത് ചിറ്റൂരിൽ നിന്ന് നിന്ന് രാവിലെ എട്ടിനും, 8.50 നും, വൈകിട്ട് 5-45 നും 6.20 നുമാണ് സർവീസ്.

സൗത്ത് ചിറ്റൂരിൽ നിന്ന് ഏലൂർ വഴി ചേരാനല്ലൂരിലേക്കു പോകുന്ന വാട്ടർ മെട്രോ, സൗത്ത് ചിറ്റൂരിൽ നിന്ന് രാവിലെ 10-നും 11.30 നും, ഉച്ചകഴിഞ്ഞ് 1.15 നും 2.45 നും വൈകിട്ട് 4.15 നും പുറപ്പെടും. ചേരാനെല്ലൂരിൽ നിന്ന് രാവിലെ 10.38 നും , ഉച്ചകഴിഞ്ഞ് 12.08 നും, 1.53 നും, 3.23 നും വൈകിട്ട് 4.53 നുമാണ് സർവീസ് .

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യുട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪